(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) 20-9-1986-ലെ ജി. ഒ. (എം. എസ്.) 177/86/എൽ. എ. ഡി. ഗവൺമെന്റ് ഉത്തരവു പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതിക്ക് അപേക്ഷിക്കുവാൻ പുതിയ ഒരു ഏകീകൃത അപേക്ഷാഫാറം അച്ചടിച്ചിറക്കിയിട്ടുണ്ട്. മുൻപ് നിലനിന്നിരുന്ന നടപടിക്രമങ്ങളനുസരിച്ച് കെട്ടിട നിർമ്മാതാവ്/അപേക്ഷകൻ മുനിസിപ്പാലിറ്റി/കോർപ്പറേഷനേയും നഗര വികസന അതോറിറ്റിയുള്ള പ്രദേശങ്ങളിൽ അവയേയും പ്രത്യേകം പ്രത്യേകം അനുമതിക്കായി സമീപിക്കേണ്ടിയിരുന്നു. ഇങ്ങനെ വരുന്ന സന്ദർഭങ്ങളിൽ ഈ രണ്ട് ഏജൻസികളിലും വ്യത്യസ്തമായ നിബന്ധനകൾക്ക് വിധേയമായി ഒരേ കെട്ടിടത്തിന് അനുമതി നൽകാനിടവരുകയും അതുപോലെതന്നെ ഒരേ അപേക്ഷതന്നെ ഈ രണ്ട് ഏജൻസികളും പരിശോധനാ വിധേയമാക്കുന്നതു മൂലമുണ്ടാകുന്ന കാലതാമസംമൂലം അപേക്ഷകർക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ടായിരുന്നു. ഇവ കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവു പ്രകാരം കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ 1984 നടപ്പിൽ വരുത്തിയിട്ടുള്ള എല്ലാ പ്രദേശങ്ങളിലും ഒരു ഏകീകൃത അപേക്ഷാഫാറം തയ്യാറാക്കിയിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുക, അവ പരിശോധിക്കുക മുതലായവയ്ക്ക് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഗവൺമെന്റ് ഉത്തരവിന് അനുബന്ധമായി കൊടുത്തിട്ടുള്ള ലഘുലേഖയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതുമാകുന്നു. പ്രസ്തുത ഗവൺമെന്റ് ഉത്തരവിന്റെ ഒരു പകർപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.†

നാഷണൽ ഹൈവേ 17-ലെ ബൈപാസ് റോഡുകൾ

* 120. [122] ശ്രീ. എ. സി. ഷൺമുഖദാസ് :

,, ടി. പി. പീതാംബരൻ മാസ്റ്റർ :

ശ്രീമതി റെയിച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേ 17-ൽ കേരളത്തിൽ ഏതെല്ലാം നഗരങ്ങളിലാണ് ബൈപാസ് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് :

(ബി) ഏതെല്ലാം ബൈപ്പാസുകളുടെ അലൈൻമെന്റുകളാണ് തീരുമാനിക്കപ്പെട്ടതെന്നും ഇനിയും തീരുമാനിക്കപ്പെടാനുള്ളത് ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) 1. തലശ്ശേരി—മാഹി

2. വടകര

3. കോഴിക്കോട്

(ബി) വടകര, കോഴിക്കോട് എന്നീ ബൈപ്പാസുകളുടെ അലൈൻമെന്റ് തീരുമാനിച്ചുകഴിഞ്ഞു. തലശ്ശേരി—മാഹി ബൈപ്പാസിന്റെ അലൈൻമെന്റ് ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly